## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 154** **03.10.2011-ൽ മറുപടിക്ക്**

### ഭവനനിർമ്മാണ ബോർഡിൻെറ പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>ശ്രീ. ബി. സത്യൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എസ്. ശർമ്മ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭവനനിർമ്മാണ ബോർഡ് പുതിയ ഭവന നിർമ്മാണ പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഭവനനിർമ്മാണ ബോർഡ് 2011-12 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ ഭവന നിർമ്മാണ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:.<br><br>1. <u>സാഫല്യം ഭവന പദ്ധതി</u> :-<br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളിലെ കൂടുതൽ ദരിദ്രരായ ആളുകൾക്ക് വേണ്ടിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതിൻെറ രൂപരേഖ തയ്യാറായിവരുന്നു.<br><br>2. <u>കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളുടെ പുനരധിവാസ പദ്ധതി :-</u><br>കോഴിക്കോട് ബംഗ്ളാദേശ് കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 333 വീടുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള 25 വീടുകൾ അറ്റകുറ്റപ്പണികൾ നടത്തി താമസയോഗ്യമാക്കുന്നതിനും കോളനിയിലെ സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി "സ്പർശം" മാതൃകയിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതിയാണിത്. ഇതിനായി 2011-12 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

3. <u>തിരുവനന്തപുരം ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ</u> :-

ഗ്രീൻ ബിൽഡിംഗ് എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് തിരുവനന്തപുരത്ത് അമ്പല നഗറിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായുള്ള ഈ പദ്ധതി രൂപകൽപ്പന ചെയ്തുവരുന്നു. ഈ പദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പലിശ രഹിത വായ്പയായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഭവനനിർമ്മാണ ബോർഡ് മുഖേന ഇപ്പോൾ നടപ്പാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതികൾ എന്തെല്ലാമാണ്; അവ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണ ബോർഡ് മുഖേന ഇപ്പോൾ നടപ്പാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു.

1. <u>എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി</u> -

എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിലൂടെ 23.09.2011 വരെ 11,141 വീടുകൾക്ക് 4,05,676,637/- രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

2. <u>സുരക്ഷാ ഭവന പദ്ധതി</u>

സുരക്ഷാ ഭവന പദ്ധതിയിലൂടെ 23.09.2011 വരെ 3006 വീടുകൾക്ക് 4,83,18,000 രൂപ സർക്കാർ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്.

3. <u>ഇന്നവേറ്റീവ് (അത്താണി) ഭവന പദ്ധതി</u>

തിരുവനന്തപുരത്ത് പൂജപ്പുരയിൽ Phase II ആയി 24 ഫ്ളാറ്റുകളും, തൃശ്ശൂർ കുട്ടനെല്ലൂരിൽ Phase I ആയി 24 ഫ്ളാറ്റുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

പൂജപ്പുരയിലെ ഇന്നവേറ്റീവ് പദ്ധതി 2010 ഡിസംബറിൽ ആരംഭിച്ചു. 2012 ജനുവരിയോടുകൂടി ഇത് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

കുട്ടനെല്ലൂർ ഇന്നവേറ്റീവ് പദ്ധതി 2011 മാർച്ചിലാണ് ആരംഭിച്ചത്. ഈ പദ്ധതി 2012 മാർച്ചിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

4. <u>പുല്ലഴി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

കേന്ദ്ര സർക്കാരിൻെറ സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ പുല്ലഴിയിൽ 125 കിടക്കകളുള്ള ഒരു ഹോസ്റ്റൽ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. പദ്ധതി 2011 ജൂലൈയിൽ ആരംഭിച്ചു. ഇത് 2012-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

5. <u>കവടിയാർ ഹൈറ്റ്സ് പദ്ധതി (പാരസ്പര്യ പദ്ധതി)</u>.

കവടിയാർ പണ്ഡിറ്റ്സ് കോളനിയിൽ ബോർഡിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഉപഭോക്താക്കളിൽ നിന്നും മുൻകൂർ തുക വാങ്ങി രണ്ട് ബ്ളോക്കുകളിലായി 36 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. 2011 മേയിലാണ് ഇത് ആരംഭിച്ചത്.

ഈ പദ്ധതി 2013-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു.

(സി) ബോർഡിൻെറ കൈവശം പദ്ധതികൾക്കായി ഏതെല്ലാം സ്ഥലത്ത് എത്ര ഏക്കർ വീതം ഭൂമിയുണ്ട്; പരിഗണനയിലിരിക്കുന്ന ബോർഡിൻെറ പദ്ധതികൾ ഏതൊക്കെ?

(സി) ബോർഡിൻെറ കൈവശം പദ്ധതികൾക്കായി ലഭ്യമായ ഭൂമി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിൻെറ സ്ഥലത്ത് നടപ്പിലാക്കുന്നതിനായി സർക്കാരിൻെറ പരിഗണനയിലിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തൃശ്ശൂരിലെ കുട്ടനെല്ലൂരും കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപവും ഉള്ള ഇന്നവേറ്റീവ് ഭവന പദ്ധതികൾ
2. തൃശ്ശൂർ മുളങ്കുന്നത്തുകാവ് പ്രവാസി ഭവന പദ്ധതി
3. തിരുവനന്തപുരത്ത് അമ്പലനഗറിലെ ഗ്രീൻ ബിൽഡിംഗ് ഫ്ളാറ്റുകൾ.

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്